**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 680** **08-10-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി സൗജന്യം ഒഴിവാക്കിയതിനെ തുടർന്ന് ഉണ്ടായ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷികഭൂമിയുടെ അളവ് 30 സെന്റിൽ താഴെയായതിനാൽ കൃഷി ആവശ്യത്തിനായുള്ള വൈദ്യുതി സൗജന്യം നിർത്തലാക്കിയ സാഹചര്യത്തിൽ കൃഷി വകുപ്പ് വൈദ്യുതി ബോർഡിന് കൊടുക്കേണ്ടതായ കുടിശിക തുകയുടെ കൂട്ടുപലിശയും ഉൾപ്പെടുത്തി ബില്ല് നൽകിയിട്ടുള്ളത് ഒഴിവാക്കുന്നതിനായി ചേർപ്പ് സെക്ഷൻ (5637), കൺസ്യൂമർ നമ്പർ: 1156397013722 വൈദ്യുതി കണക്ഷന്റെ ഉണഭോക്താവായ ശ്രീ. വി.എം. വിജയൻ, വായ്ക്കപ്പറമ്പ് മഠത്തിൽ വീട്, വല്ലച്ചിറ പിടിക്കപ്പറമ്പ് സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (എ) | കൃഷിഭൂമിയുടെ അളവ് 30 സെന്റിൽ താഴെ ആയതിനാൽ ശ്രീ.വി.എം.വിജയൻ (Con.No:1156397013722) എന്നയാളുടെ കാർഷിക കണക്ഷനുള്ള വൈദ്യുതി സൗജന്യം 4/2022 മുതൽ കൃഷിഭവനിൽ നിന്നും ടിയാന് പുതുക്കി നൽകിയിട്ടുള്ളതല്ല. ഈ കൺസ്യൂമറിന്റെ 03/2022 വരെയുള്ള കുടിശ്ശിക നിലനിൽക്കുന്നുണ്ട്. ഇത് അടയ്ക്കുവാൻ കൃഷിഭവൻ ബാദ്ധ്യസ്ഥരാണ്. പ്രസ്തുത വിവരങ്ങൾ ഉപഭോക്താവിനെ അറിയിച്ചിട്ടുള്ളതും 04/22 മുതലുള്ള വൈദ്യുതി ചാർജ്ജ് കൺസ്യൂമർ അടച്ച് വരുന്നുണ്ട്.<br><br>പ്രസ്തുത കൺസ്യൂമറിന്റെ പേരിൽ 03/22 വരെയുള്ള കുടിശ്ശിക ഇനത്തിലുള്ള തുക കൃഷിവകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് സർചാർജ് ഇനത്തിൽ അടച്ച അധിക തുക (ആകെ 2598 രൂപ) വരും ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്തു നൽകാവുന്നതാണ് . |
| (ബി) | പ്രസ്തുത അപേക്ഷ പരിഗണിച്ച് അർഹമായ ഇളവുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതി സൗജന്യമല്ല, നിലവിലുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് അനുസരിച്ചാണ് എല്ലാ കാർഷിക കണക്ഷനുകൾക്കും വൈദ്യുതി ബിൽ നൽകി വരുന്നത്. ഇതിൽ നിന്നും കൃഷിവകുപ്പ് അംഗീകരിച്ചിട്ടുള്ള കർഷകർ, ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ് മാത്രമാണ് (കർഷകൻ നേരിട്ട് അടക്കാതെ) കൃഷിഭവൻ മുഖേന അടയ്ക്കുന്നത്. ആകയാൽ കൃഷിവകുപ്പ് മുഖേന അടയ്ക്കേണ്ട പ്രസ്തുത തുക യഥാസമയം അടയ്ക്കാത്തതിനാൽ സർചാർജ് ഈടാക്കുന്ന നടപടി നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഒഴിവാക്കാൻ സാധിക്കുകയില്ല . |

സെക്ഷൻ ഓഫീസർ